ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പൂക്കോം സ്വദേശി ബി.ഇസ്മയിൽ എന്നയാളിന്റെ മരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബി. ഇസ്മയിൽ മരണപ്പെട്ടതു സംബന്ധിച്ച് ചെക്കി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 709/10 യു/എസ് 174 ക്രൈം. പി.സി. ആയി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സെക്ഷൻ 176(1)(എ) ക്രൈം. പി.സി. പ്രകാരം മജിസ്റ്റീരിയൽ എൻക്വയറി നടത്തിയിട്ടുണ്ട്. ബി. ഇസ്മയിലിന്റെ മൃതദേഹം തലശ്ശേരി ഗവൺമെന്റ് ആശുപത്രി മോർച്ചറിയിൽ വച്ച് തലശ്ശേരി സബ് ഡിവിഷണൽ മജിസ്ട്രേറ്റ് പ്രേത പരിശോധന നടത്തി ഇൻക്വസ്റ്റ് റിപ്പോർട്ട് തയ്യാറാക്കുകയും പ്രേതം കോഴിക്കോട് മെഡിക്കൽ കോളേജിൽ വച്ച് പോലീസ് സർജൻ പോസ്റ്റ്മാർട്ടം പരിശോധന നടത്തിയിട്ടുമുണ്ട്. കേസിൽ ബന്ധപ്പെട്ട സാക്ഷികളെ നേരിൽകണ്ട് ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയിട്ടുള്ളതാണ്. പോലീസ് കസ്റ്റഡിയിൽ എടുത്ത സമയം മരണപ്പെട്ട ഇസ്മയിലിന്റെ കൈവശം ഉണ്ടായിരുന്ന മുതലുകൾ സീഷർമഹസ്സർ പ്രകാരം ബന്ധവസ്സിൽ എടുത്തിട്ടുള്ളതാണ്.

(സി) മരണപ്പെട്ട ഇസ്മയിലിന്റെ സഹോദരൻ കുഞ്ഞബ്ദുള്ളയുടെ പക്കൽ നിന്നും പരാതി ഒന്നും ലഭിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത അസ്വാഭാവിക മരണങ്ങൾ

69 (1814) ശ്രീ. എം. എ. വാഹീദ് :

ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം സംസ്ഥാനത്തൊട്ടാകെ ഇതുവരെ എത്ര അസ്വാഭാവിക മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അസ്വാഭാവിക മരണത്തെ സംബന്ധിച്ച് അന്വേഷണം നടത്തി അത് കൊലപാതകമാണെന്ന് തെളിഞ്ഞ എത്ര കേസുകൾ ഉണ്ടെന്നറിയിക്കുമോ ;

(സി) ഇത്തരം കേസുകളിൽ എത്ര പേരെ ശിക്ഷിച്ചു എന്നറിയിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly